പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2725** **10.07.2015-ൽ മറുപടിക്ക്**

## മലിനജല സംസ്ക്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അൻവർ സാദത്ത്**<br>**" ഹൈബി ഈഡൻ**<br>**" വി.ഡി.സതീശൻ**<br>**" ടി.എൻ.പ്രതാപൻ** | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിലെ മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;<br><br>(ബി) നഗരങ്ങളിൽ മലിനജല സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് പദ്ധതിയുടെ ഭാഗമായാണ് ആയത് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ;<br><br>(സി) പ്രസ്തുത പദ്ധതിയ്ക്ക് ഏതെല്ലാം ഏജൻസികളാണ് സഹായം നൽകുന്നതെന്നും ആയത് നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ? | (എ), (ബി) & (സി) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ ഏഷ്യൻ വികസന ബാങ്കിന്റെ ധനസഹായത്തോടെ കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ മലിനജല സംസ്കരണ പ്ലാന്റുകളും, മലിനജല വാഹകശൃംഖലകളും അനുബന്ധ പണികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്ത് 72 കോടി രൂപ ചെലവിൽ ദിനം പ്രതി 107 ദശലക്ഷം ലിറ്റർ സംസ്കരണ ശേഷിയുള്ള ആധുനിക പ്ലാന്റ് നിർമ്മിച്ച് വിജയകരമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ തിരുവനന്തപുരത്ത് രണ്ട് പാക്കേജുകളിലായി 64.86 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള അറ്റകുറ്റ പണികളും , നിലവിൽ കേരള വാട്ടർ അതോറിറ്റി പണി പൂർത്തിയാക്കാതിരുന്ന പദ്ധതിയും പൂർത്തീകരിക്കാൻ കരാർ നൽകി പണി പുരോഗമിക്കുന്നു. ഇതിൽ മലിനജല വാഹകകുഴലുകൾ വൃത്തിയാക്കുന്ന മിഷ്യനുകളും, പമ്പുഹൗസുകളുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഏഷ്യൻ വികസന ബാങ്കിന്റെ പദ്ധതി കാലാവധി 2016 ജൂൺ 30 വരെ ആയി |

നിജപ്പെടുത്തിയിട്ടുണ്ട് കൊല്ലം നഗരസഭ യിൽ രണ്ടു പാക്കേജുകളിലായി 90 കോടി രൂപ അടങ്കലുള്ള രണ്ടു മലിനജല വാഹക ശൃംഖലയും പമ്പുഹൗസുകളും, അനു ബന്ധ പണികളും നിലവിൽ 80– തുകളിൽ കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ച വാഹ കശൃംഖലകൾ പ്രവർത്തനക്ഷമമാക്കി ദിനംപ്രതി 12 ദശലക്ഷം ലിറ്റർ സംസ്ക രണ ശേഷിയുള്ള പ്ലാന്റിൽ എത്തിക്കാ നാണ് രൂപകല്പന ചെയ്തിട്ടുള്ളത്. ഇതിൽ 90 കോടി രൂപയുടെ പണി ധൃതഗ തിയിൽ പുരോഗമിച്ചുവരുന്നു. പ്ലാന്റിന്റെ പണി പൊതുജനങ്ങളുടെ എതിർപ്പുമൂലം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കൊച്ചിയിൽ നാലു പാക്കേജുകളിലായി വാഹകശൃംഖ ലയും പമ്പു ഹൗസുകളും അനുബന്ധ പണികളും കൂടി ആകെ 165 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പണികൾ കരാർ നല്കി പണി പ്രാരംഭ ഘട്ടത്തിലാണ്. ഇവിടെയും പൊതുജനങ്ങളുടെയും പ്രദേ ശിക നേതാക്കളുടെയും എതിർപ്പ്മൂലം പണി മന്ദഗതിയിലാണ്. കൂടാതെ ദിനം പ്രതി 12 ദശലക്ഷം ലിറ്റർ സംസ്കരണ ശേഷിയുള്ള പ്ലാന്റ് മുണ്ടൻവേലിയിൽ നിർമ്മിക്കാൻ ടെണ്ടർ നടപടികൾ പൂർത്തി യാക്കി ടെണ്ടർ ചെയ്തുകഴിഞ്ഞു. കോഴി ക്കോട് നഗരസഭയിൽ ആകെ 94 കോടി രൂപ ചെലവിൽ രണ്ടു പാക്കേജുകൾ വാഹക ശൃംഖലയും പമ്പു ഹൗസുകളും അനുബന്ധ പണികളും. ഒരു പാക്കേജ് ദിനംപ്രതി 13.5 ദശലക്ഷം ലിറ്റർ സംസ്കര ണശേഷിയുള്ള പ്ലാന്റിന്റെയും പണികൾ പുരോഗമിച്ചുവരുന്നു. മേൽപറഞ്ഞ പദ്ധതി കൾ കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതി യായ ജവഹർലാൽ നെഹ്രു അർബൻ

റിന്യൂവൽ മിഷനിലുൾപ്പെടുത്തി 35 കോടി രൂപയുടെ പദ്ധതികൾ കേരള വാട്ടർ അതോറിറ്റി ആവിഷ്കരിച്ച് കെ.എസ്.യു.ഡി.പി മുഖേന തിരുവനന്തപുരത്ത് നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ സ്ഥാപിക്കുന്ന ട്രീറ്റ്മെന്റ് പ്ലാന്റുകളിൽ കക്കൂസ് മാലിന്യം സംസ്കരിക്കാവുന്ന തരത്തിലാണ് പ്ലാന്റ് രൂപകല്പന ചെയ്തിട്ടുള്ളത്. കൊച്ചിയിൽ ബ്രഹ്മപുരത്ത് ദിനംപ്രതി 100$m^3$ (5000 ലിറ്റർ ശേഷിയുള്ള 5 ടാങ്കറുകൾ) കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള ഇൻഡ്യയിലെ ആദ്യത്തെ നൂതന പ്ലാന്റ് വിജകരമായി പൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങി.

മേൽ വിവരിച്ച പ്രകാരം മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാൻ ഏഷ്യൻ വികസന ബാങ്കിന്റെയും കേന്ദ്ര സർക്കാരിന്റെയും ധനസഹായമാണ് ലഭ്യമാക്കിയിട്ടുള്ളത്. കൊല്ലത്തും കൊച്ചിയിലും സംസ്ഥാന സർക്കാരാണ് സംസ്കരണ പ്ലാന്റിന് പണം മുഴുവൻ ചെലവഴിക്കേണ്ടത്.

Manjit

സെക്ഷൻ ഓഫീസർ